കേരളകൗമുദി
14 ജൂൺ 2018 വ്യാഴം
തിരുവനന്തപുരം

ദേശീയ യോഗ ഒളിമ്പ്യാഡ്: സ്വീകരണവും സ്പോർട്സ് കിറ്റ് വിതരണവും ഇന്ന്

തിരുവനന്തപുരം: എസ്.സി.ഇ.ആർ.ടി ദേശീയ യോഗ ഒളിമ്പ്യാഡിൽ പങ്കെടുക്കുന്ന കേരള ടീം അംഗങ്ങൾക്ക് സ്വീകരണവും സ്പോർട്സ് കിറ്റ് വിതരണവും ഇന്ന് എസ്.സി.ഇ.ആർ.ടി ഗസ്റ്റ് ഹൗസിൽ നടത്തും. എസ്.സി.ഇ.ആർ.ടി ഔദ്യോഗിക യൂണിഫോം വിതരണം പൊതുവിദ്യാഭ്യാസ ഡയറക്ടർ കെ.വി. മോഹൻകുമാർ നിർവഹിക്കും. സംസ്ഥാന സ്പോർട്സ് കൗൺസിൽ പ്രസിഡന്റ് ടി.പി.ദാസൻ സ്പോർട്സ് കിറ്റ് വിതരണം ചെയ്യും. എസ്.സി.ഇ.ആർ.ടി ഡയറക്ടർ ഡോ. ജെ. പ്രസാദ് അദ്ധ്യക്ഷത വഹിക്കും. തുടർന്ന് കേരള ടീം അംഗങ്ങളുടെ യോഗ ഡെമോൺസ്ട്രേഷൻ നടക്കും.

www.keralakaumudi.com www.facebook.com/keralakaumudi

രക്തദാന ദിനാചരണവും ബ്ലഡ് മൊബൈൽ ഉദ്ഘാടനവും

തിരുവനന്തപുരം: കേരള സംസ്ഥാന എയ്ഡ്സ് നിയന്ത്രണ സൊസൈറ്റിയുടെ ആഭിമുഖ്യത്തിൽ ലോക രക്തദാന ദിനാചരണവും സിറ്റിസൺസ് ഇന്ത്യ ഫൗണ്ടേഷന്റെ ബ്ലഡ് മൊബൈലിന്റെ ഉദ്ഘാടനവും ഇന്ന് ഉച്ചയ്ക്ക് 12 ന് മുഖ്യമന്ത്രി പിണറായി വിജയൻ നിർവഹിക്കുമെന്ന് പ്രൊജക്ട് ഡയറക്ടർ ഡോ. ആർ.രമേഷ് വാർത്താസമ്മേളനത്തിൽ അറിയിച്ചു. ബാർട്ടൺഹില്ലിലെ ഗവ. ലാ കോളേജ് ഹാളിൽ നടക്കുന്ന ചടങ്ങിൽ ആരോഗ്യമന്ത്രി കെ.കെ. ശൈലജ അദ്ധ്യക്ഷത വഹിക്കും. ചടങ്ങിൽ ഏറ്റവും കൂടുതൽ പ്രാവശ്യം സ്വമേധയാ രക്തം ദാനം ചെയ്ത ദാതാക്കളെ ആദരിക്കും.

വിവിധ സ്ഥലങ്ങളിൽ പോയി രക്തദാന ക്യാമ്പുകൾ നടത്തി സ്വമേധയായുള്ള രക്തദാനം സുഗമമാക്കാനാണ് ബ്ലഡ് മൊബൈൽ തുടങ്ങുന്നത്. ടി.കെ.എ. നായർ മാനേജിംഗ് ട്രസ്റ്റിയായുള്ള സിറ്റിസൺസ് ഇന്ത്യ ഫൗണ്ടേഷനാണ് മൊബൈൽ ബ്ലഡ് കളക്ഷൻ യൂണിറ്റ് വാങ്ങിയത്. ചടങ്ങിൽ സിറ്റി ആർട്ടിസ്റ്റ് വിവേക് ഗോപൻ പങ്കെടുക്കുന്ന രക്തദാന ക്യാമ്പും നടത്തും.

മുടവൂർപ്പാറയിലെ കൊലപാതകം: പ്രതിയുടെ അറസ്റ്റ് രേഖപ്പെടുത്തി

ബാലരാമപുരം : കുടുംബവഴക്കിൽ ചേട്ടന്റെ കുത്തേറ്റ് അനുജൻ മരിച്ച സംഭവത്തിൽ പ്രതിയുടെ അറസ്റ്റ് രേഖപ്പെടുത്തി. തമിഴ്നാട് തെങ്കാശി മേലേമെങ്ങാനപുരം സ്വദേശി മുടവൂർപ്പാറ കടയറവീട് ബാബാ നിവാസിൽ വാടകയ്ക്ക് താമസിക്കുന്ന ശിവനെ (42) ആണ് ജ്യേഷ്ഠനായ തമിഴ്നാട് തെങ്കാശി റെട്ടിയാർപെട്ടി മുടവൂർപ്പാറ ബോട്ട് ക്ലബിന് സമീപം വാടകയ്ക്ക് താമസിക്കുന്ന മുരുകൻ (38) കുത്തിക്കൊലപ്പെടുത്തിയത്.

ബാലരാമപുരം സി.ഐ പ്രദീപ്കുമാറിന്റെ നേതൃത്വത്തിലുള്ള പൊലീസ് സംഘം മെഡിക്കൽ കോളേജിൽ എത്തി അറസ്റ്റ് രേഖപ്പെടുത്തുകയായിരുന്നു. പ്രതിയെ കോടതിയിൽ ഹാജരാക്കുമെന്ന് സി.ഐ അറിയിച്ചു.

വെള്ളായണി പമ്പ് ഹൗസിന് മുന്നിൽ കുത്തിയിരുന്ന് പ്രതിഷേധിച്ചു

നേമം: കഴിഞ്ഞ ഒരാഴ്ചയായി കല്ലിയൂർ പഞ്ചായത്തിന്റെ വിവിധ മേഖലകളിൽ കുടിവെള്ള വിതരണം തടസപ്പെട്ടതിനെ തുടർന്ന് പഞ്ചായത്ത് പ്രസിഡന്റിന്റെ നേതൃത്വത്തിൽ അംഗങ്ങളും നാട്ടുകാരും ചേർന്ന് പമ്പ് ഹൗസിന് മുന്നിൽ കുത്തിയിരുന്ന് പ്രതിഷേധിച്ചു. കാക്കാമൂല വെള്ളായണി കായലിന് സമീപം ഇന്നലെ രാവിലെയായിരുന്നു പ്രതിഷേധം.

പമ്പ് ഹൗസിലെ കത്തിപ്പോയ മോട്ടോറിന്റെ കേടുപാടുകൾ തീർക്കുക, ടാങ്കറുകളിൽ വെള്ളം എത്തിക്കാനുള്ള നടപടികൾ അടിയന്തരമായി ആരംഭിക്കുക തുടങ്ങിയ ആവശ്യങ്ങൾ ഉന്നയിച്ചായിരുന്നു പ്രതിഷേധം.

പ്രശ്നം ഉടൻ പരിഹരിക്കാമെന്ന ജല അതോറിട്ടി ഉദ്യോഗസ്ഥരുടെ ഉറപ്പിൽ ഉച്ചയോടെ പ്രതിഷേധ സമരം അവസാനിച്ചു. വൈകിട്ട് ടാങ്കറുകളിൽ കുടിവെള്ളം എത്തിച്ചു. പഞ്ചായത്ത് പ്രസിഡന്റ് ആർ. രാജലക്ഷ്മി, ക്ഷേമകാര്യ സ്റ്റാൻഡിംഗ് കമ്മിറ്റി ചെയർമാൻ പത്മകുമാർ, വിവിധ പാർട്ടികളെ പ്രതിനിധീകരിക്കുന്ന പഞ്ചായത്ത് അംഗങ്ങൾ പാലപ്പൂർ ജയൻ, ടി. ജയൻ, രാജലക്ഷ്മി, സുജാത, നിസ്സു, മിനി, കിരൺ തുടങ്ങിയവർ പങ്കെടുത്തു.

തുമ്പയിൽ വൻ കഞ്ചാവ് വേട്ട

■ 8 കിലോ കഞ്ചാവ് പിടികൂടി ■ രണ്ട് സ്ത്രീകൾ പിടിയിൽ

അറസ്റ്റിലായ രേണുകയും വത്സലയും

കുളത്തൂർ: തുമ്പ പൊലീസ് സ്റ്റേഷൻ പരിധിയിൽ വിളയിൽക്കുളത്ത് പൊലീസ് റെയിഡിൽ 8 കിലോ കഞ്ചാവ് പിടികൂടി. സംഭവത്തിൽ രണ്ട് സ്ത്രീകളെ പൊലീസ് അറസ്റ്റ് ചെയ്തു. നെഹ്റുജംഗ്ഷൻ, വിളയിക്കുളം, മാടൻകാവ് വീട്ടിൽ വത്സല (56) മകൾ രേണുക (48) എന്നിവരാണ് അറസ്റ്റിലായത്.

വത്സയുടെ മകനും പ്രധാന പ്രതിയുമായ വാവകൃഷ്ണ (22) ഒളിവിലാണ്. രഹസ്യ വിവരത്തെ തുടർന്ന് തുമ്പ എസ്.ഐയുടെ നേതൃത്വത്തിൽ നടത്തിയ റെയ്ഡിലാണ് പ്രതികൾ വലയിലായത്. ഇന്നലെ രാവിലെ 10.30 ഓടെ പൊലീസ് പരിശോധനയ്ക്ക് എത്തുമ്പോൾ വീട്ടുകാർ കഞ്ചാവ് ചെറിയ പൊതികളാക്കുകയായിരുന്നു. പൊലീസിനെ കണ്ട് വാവകൃഷ്ണ രക്ഷപ്പെട്ടു. കഴക്കൂട്ടം, തുമ്പ, കുളത്തൂർ തുടങ്ങിയ പ്രദേശങ്ങളിലാണ് ഇവർ കഞ്ചാവ് വിറ്റിരുന്നത്. അബ്കാരി കേസുകളിൽ പ്രതികളായ ഇവരെക്കുറിച്ച് തുമ്പ സ്പെഷ്യൽ ബ്രാഞ്ച് റിപ്പോർട്ടിനെ തുടർന്ന് ഇവരുടെ വീട്ടും പരിസരവും പൊലീസ് നിരീക്ഷണത്തിലായിരുന്നു.

വാവ കൃഷ്ണക്കെതിരെ വഞ്ചിയൂർ, കഴക്കൂട്ടം, തുമ്പ സ്റ്റേഷനുകളിൽ കേസുകൾ നിലവിലുണ്ടെന്നും ഇയാൾ ഉടൻ പിടിയിലാകുമെന്നും തുമ്പ പൊലീസ് അറിയിച്ചു.

കഴക്കൂട്ടം സൈബർസിറ്റി അസിസ്റ്റന്റ് കമ്മീഷണർ അനിൽകുമാറിന്റെ മേൽനോട്ടത്തിൽ തുമ്പ എസ്.ഐ. പ്രതാപചന്ദ്രൻ, ഗ്രേഡ് എസ്.ഐ. ഷാജഹാൻ, അഡിഷണൽ എസ്.ഐ. മാരായ സുരേഷ്കുമാർ, ശ്യാം, സി.പി.ഒ. മാരായ അരുൺ, എബിൻ, അൻവർ, ബിനു, സജി, അരുൺ, വനിതാ സി.പി.ഒ മാരായ ജാസ്മിൻ, റീജ എന്നിവരടങ്ങിയ സംഘമാണ് പ്രതികളെ അറസ്റ്റുചെയ്തത്. പ്രതികളെ റിമാൻഡ് ചെയ്തു.

ഉപഭോക്താവിനോട് മോശം പെരുമാറ്റം: ഗ്യാസ് ഏജൻസി നഷ്ടപരിഹാരം നൽകണം

തിരുവനന്തപുരം: ഉപഭോക്താവിനോട് അപമര്യാദയായി പെരുമാറിയ ഗ്യാസ് ഏജൻസിക്കെതിരെ ജില്ലാ ഉപഭോക്തൃ തർക്കപരിഹാര ഫോറം 5000 രൂപ നഷ്ടപരിഹാരമായും 1000 രൂപ വ്യവഹാര ചെലവായും നൽകാൻ നിർദ്ദേശിച്ചു.

അമ്പലത്തറ ഗുഹൻ ഗ്യാസ് ഏജൻസി ഉപഭോക്താവായ പാച്ചല്ലൂർ സ്വദേശി എസ്.ആർ. ഷാജുവിനാണ് നഷ്ടപരിഹാരം നൽകേണ്ടത്.

2013 -ൽ പുതുതായി കണക്ഷൻ എടുക്കാനെത്തിയ ഷാജുവിനോട് ഗ്യാസ് സ്റ്റൗ വാങ്ങാൻ ഏജൻസി ആവശ്യപ്പെട്ടു. സ്വന്തമായി സ്റ്റൗ ഉള്ളതിനാൽ ഉടമയുടെ ആവശ്യം ഉപഭോക്താവ് നിരാകരിച്ചു.

സ്റ്റൗ ഉപയോഗ യോഗ്യമാണോ എന്ന് പരിശോധിക്കണമെന്ന് പറഞ്ഞ് ഉപഭോക്താവിൽ നിന്ന് 230 രൂപ വാങ്ങിയെങ്കിലും രസീത് നൽകാൻ കൂട്ടാക്കിയില്ല. പിന്നീട് ഉപഭോക്താവിന്റെ നിർബന്ധത്തിന് വഴങ്ങി രസീത് നൽകിയെങ്കിലും വീട്ടിൽ എത്തി സ്റ്റൗ പരിശോധിച്ചില്ല. ഇക്കാരണങ്ങൾ ചൂണ്ടിക്കാട്ടി ജില്ലാ സപ്ലൈ ഓഫീസർക്ക് പരാതി നൽകിയെങ്കിലും ഉടമ വഴങ്ങിയില്ല.

സുതാര്യ കേരളത്തിലൂടെ ജില്ലാ കളക്ടർക്ക് നൽകിയ പരാതിയിന്മേൽ അന്യായമായി ഈടാക്കിയ പണം ഉടമ മടക്കി നൽകി. കളക്ടർ ഉടമയെ താക്കീതും ചെയ്തിരുന്നു. അപമര്യാദയായി പെരുമാറിയതിനും സേവനത്തിൽ വീഴ്ച വരുത്തിയതിനും ഉടമയ്ക്കെതിരെ ഉപഭോക്തൃ തർക്ക പരിഹാര ഫോറത്തെ സമീപിക്കാൻ കളക്ടർ നിർദ്ദേശിച്ചു. തുടർന്ന് അഞ്ച് വർഷം നിശ്ചയദാർഢ്യത്തോടെ സ്വയം കേസ് നടത്തിയാണ് ഉപഭോക്താവ് ഗ്യാസ് ഏജൻസിക്കെതിരെ വിധി സമ്പാദിച്ചത്.

യുവതിയെ പീഡിപ്പിക്കാൻ ശ്രമിച്ച ആട്ടോ ഡ്രൈവർ അറസ്റ്റിൽ

അൻസാരി

കഴക്കൂട്ടം: മേനംകുളം സ്വദേശിയായ യുവതിയെ ആട്ടോറിക്ഷയിൽ പീഡിപ്പിക്കാൻ ശ്രമിച്ച ഡ്രൈവർ അറസ്റ്റിലായി. ബീമാപള്ളി സദാംനഗർ പുതുവൽ പുരയിടം സമീറാ മൻസിൽ അൻസാരിയാണ് (37) വീടിനടുത്ത് ഒളിവിൽ കഴിയുന്നതിനിടെ കഴിഞ്ഞ ദിവസം അറസ്റ്റിലായത്. യുവതിയെ തട്ടിക്കൊണ്ട് പോയതിനും, സ്ത്രീത്വത്തെ അപമാനിച്ചതിനും, പീഡനശ്രമത്തിനും ഇയാൾക്കെതിരെ കേസെടുത്തു.

ദേശീയപാതയിൽ തോന്നയ്ക്കൽ 16-ാം മൈലിന് സമീപം ഞായറാഴ്ച രാത്രിയിലാണ് സംഭവം. ഭർത്താവിന്റെ മദ്യപാനം നിറുത്താൻ ഹരിപ്പാട്ടുള്ള ലഹരിമുക്ത കേന്ദ്രത്തിലേക്ക് പോകുകയായിരുന്ന യുവതിക്കാണ് ദുരനുഭവമുണ്ടായത്.

ഭർത്താവിന്റെ സുഹൃത്താണ് ഇയാൾ. കഴക്കൂട്ടം ജംഗ്ഷനിൽ ആട്ടോറിക്ഷ വേഗത കുറച്ചപ്പോൾ ഭർത്താവ് ചാടി രക്ഷപ്പെട്ടു. തുടർന്ന് പോത്തൻകോട് ലഹരിവിരുദ്ധ കേന്ദ്രമുണ്ടെന്നും അവിടെ പോയി മരുന്ന് വാങ്ങി നൽകിയാൽ കുടി നിറുത്തുമെന്നും പറഞ്ഞ് അൻസാരി യുവതിയെ കൂട്ടിക്കൊണ്ടുപോവുകയായിരുന്നു.

മംഗലപുരത്ത് എത്തിയപ്പോൾ പോത്തൻകോട്ടേക്കുള്ള വഴി തിരിയാതെ ആട്ടോറിക്ഷ നേരെ ആറ്റിങ്ങൽ ഭാഗത്തേക്കാണ് പോയത്. ഇതിനിടെ അൻസാരി യുവതിയെ പീഡിപ്പിക്കാൻ ശ്രമിക്കുകയായിരുന്നു. തുടർന്ന് ഓട്ടോയിൽ നിന്നും പുറത്തേക്ക് ചാടിയ യുവതിക്ക് റോഡിൽ വീണ് പരിക്കേറ്റിരുന്നു. ആറ്റിങ്ങൽ ഡിവൈ. എസ്.പി അനിൽകുമാറിന്റെ നിർദ്ദേശപ്രകാരം മംഗലപുരം എസ്. എച്ച്.ഒ അജയൻ, എ. എസ്.ഐ ഷാജി, സിവിൽ പൊലീസ് ഓഫീസർമാരായ സജീദ്, പ്രവീൺ എന്നിവരടങ്ങുന്ന സംഘമാണ് പ്രതിയെ പിടികൂടിയത്. പ്രതിയെ റിമാൻഡ് ചെയ്തു.

ധനസഹായ വിതരണം

തിരുവനന്തപുരം: പ്രത്യാശാ കാൻസർ ചിൽഡ്രൻസ് വെൽഫെയർ സൊസൈറ്റിയുടെ 15-ാം വാർഷികത്തോടനുബന്ധിച്ച് കുട്ടികൾക്ക് ധനസഹായം വിതരണം ചെയ്തു. ആർ.സി.സി. ആഡിറ്റോറിയത്തിൽ നടന്ന ചടങ്ങ് മുഖത്തല ശ്രീകുമാർ ഉദ്ഘാടനം ചെയ്തു. പ്രസിഡന്റ് ജി.രാമചന്ദ്രൻ പിള്ള അദ്ധ്യക്ഷത വഹിച്ചു. നടൻ പ്രേംകുമാർ, ഡബിംഗ് ആർട്ടിസ്റ്റ് ദേവി, ആർ.സി.സി. യിലെ കുട്ടികളുടെ വിഭാഗം മേധാവി ഡോ. ടി. പ്രിയാകുമാരി, ഡോ. കുസുമകുമാരി, പി. ബിനോയ്, എലിസബത്ത്, പ്രിൻസ് തുടങ്ങിയവർ സംസാരിച്ചു.

സംഘടനകൾ സമൂഹ നന്മയ്ക്കായി പ്രവർത്തിക്കണം: സ്വാമി വിശുദ്ധാനന്ദ

ശിവഗിരി: സമൂഹനന്മ ലക്ഷ്യമാക്കി പ്രവർത്തിക്കാൻ സംഘടനകൾക്കാകണമെന്ന് ശിവഗിരി ശ്രീനാരായണ ധർമ്മസംഘം ട്രസ്റ്റ് പ്രസിഡന്റ് സ്വാമി വിശുദ്ധാനന്ദ പറഞ്ഞു. ഗുരുധർമ്മ പ്രചരണസഭ കേന്ദ്ര സമിതിയോഗം ശിവഗിരിയിൽ ഉദ്ഘാടനം ചെയ്യുകയായിരുന്നു അദ്ദേഹം.

സമൂഹത്തിന്റെ ആകെ നന്മയെ ലാക്കാക്കിയാണ് ഗുരുദേവൻ നിലകൊണ്ടിരുന്നത്. ഗുരുവിന്റെ ഉപദേശങ്ങൾക്കനുസരിച്ച് പ്രവർത്തിക്കാൻ ഗുരുദേവന്റെ നാമത്തിലുള്ള പ്രസ്ഥാനങ്ങളും സംഘടനകളും തയ്യാറാകണമെന്ന് സ്വാമി പറഞ്ഞു.

ധർമ്മസംഘം ട്രസ്റ്റ് ജനറൽ സെക്രട്ടറി സ്വാമി സാന്ദ്രാനന്ദ അദ്ധ്യക്ഷത വഹിച്ചു. സഭാ സെക്രട്ടറി സ്വാമി ഗുരുപ്രസാദ്, രജിസ്ട്രാർ ടി.വി. രാജേന്ദ്രൻ, വൈസ് പ്രസിഡന്റ് കെ.കെ. കൃഷ്ണാനന്ദ ബാബു എന്നിവർ സംസാരിച്ചു. സഭാവാർഷികം 30ന് ശിവഗിരിയിൽ നടക്കും.

ഫാക്ടറീസ് ആൻഡ് ബോയിലേഴ്സ് വകുപ്പിന്റെ വെബ് എനേബിൾഡ് റിസ്ക് വെയിറ്റഡ് ഇൻസ്പെക്ഷൻ സ്കീമിന്റെ സംസ്ഥാനതല ഉദ്ഘാടനം തിരുവനന്തപുരം വൈലോപ്പിള്ളി സംസ്കൃതി ഭവനിൽ നടന്ന ചടങ്ങിൽ മന്ത്രി ടി.പി. രാമകൃഷ്ണൻ നിർവഹിക്കുന്നു. കെ. മുരളീധരൻ എം.എൽ.എ, ഡോ. കെ. രവിരാമൻ, ജോർജ് നൈനാൻ, കെ.കെ. വിജയകുമാർ എന്നിവർ സമീപം

ഇന്റർവ്യൂ

തിരുവനന്തപുരം: കാര്യവട്ടം സർക്കാർ കോളേജിൽ അറബി വിഭാഗത്തിൽ ഗസ്റ്റ് അദ്ധ്യാപക ഒഴിവുണ്ട്.

കൊല്ലം കോളേജ് വിദ്യാഭ്യാസ ഡെപ്യൂട്ടി ഡയറക്ടറുടെ ഗസ്റ്റ് അദ്ധ്യാപക പാനലിൽ ഉൾപ്പെട്ട ഉദ്യോഗാർത്ഥികൾ അസൽ സർട്ടിഫിക്കറ്റുകൾ സഹിതം 18 ന് രാവിലെ 11 ന് പ്രിൻസിപ്പൽ മുമ്പാകെ ഇന്റർവ്യൂവിനെത്തണം. ഫോൺ: 0471 2417112

അദ്ധ്യാപക ഒഴിവ്

തിരുവനന്തപുരം: മണ്ണന്തല ഗവ. എച്ച്.എസിൽ പി.ഡി ടീച്ചറുടെ ഒഴിവുണ്ട്. 18ന് രാവിലെ 10.30 നാണ് അഭിമുഖമെന്ന് ഹെഡ്മിസ്ട്രസ് അറിയിച്ചു.

വർക്കലയിൽ എസ്.എഫ്.ഐ - കെ.എസ്.യു സംഘർഷം

■ ഒരാൾക്ക് കുത്തേറ്റു

വർക്കല: എസ്.എഫ്.ഐയുടെ മെമ്പർഷിപ്പ് വിതരണവുമായി ബന്ധപ്പെട്ട് എസ്.എഫ്.ഐ - കെ.എസ്.യു പ്രവർത്തകർ തമ്മിലുണ്ടായ സംഘർഷത്തിൽ രണ്ട് എസ്.എഫ്.ഐ പ്രവർത്തകർക്ക് പരിക്കേറ്റു. ചാവടിമുക്ക് തുണ്ടുവിള വീട്ടിൽ ഓജസിന് (20) കുത്തേറ്റു. മുത്താന നാദിയ മൻസിലിൽ നൗഫലി (20) ന് മർദ്ദനമേറ്റു. ഇരുവരും എസ്.എഫ്.ഐ വർക്കല ഏരിയാ വൈസ് പ്രസിഡന്റുമാരാണ്. എസ്.എഫ്.ഐയുടെ മെമ്പർഷിപ്പ് വിതരണവുമായി ബന്ധപ്പെട്ട് പാളയംകുന്ന് സ്കൂളിൽ കൊടി കെട്ടുന്നതിനെ ചൊല്ലിയുള്ള തർക്കമാണ് സംഘർഷത്തിൽ കലാശിച്ചത്. എസ്.എഫ്.ഐ പ്രവർത്തകർ കെട്ടിയ കൊടി നീക്കം ചെയ്യണമെന്ന് കെ.എസ്.യു പ്രവർത്തകർ ആവശ്യപ്പെട്ടിരുന്നു. ഇത് ചോദ്യം ചെയ്ത നൗഫലിനെ സംഘം ചേർന്നെത്തിയ കെ.എസ്.യു പ്രവർത്തകർ വൈകിട്ടോടെ ചാവടിമുക്കിൽ വച്ച് ആക്രമിക്കുകയായിരുന്നു.

അക്രമത്തിൽ പരിക്കേറ്റ് വർക്കല താലൂക്ക് ആശുപത്രിയിൽ പ്രവേശിപ്പിച്ച നൗഫലിനെ കണ്ട ശേഷം മടങ്ങുമ്പോഴാണ് ഓജസിന് കുത്തേറ്റത്. വീട്ടിലേക്ക് ബൈക്കിൽ പോവുകയായിരുന്ന ഓജസിനെ മൂന്ന് ബൈക്കുകളിൽ പിന്തുടർന്നെത്തിയ സംഘം കോളേജ് ജംഗ്ഷന് സമീപം തടഞ്ഞു നിറുത്തി കുത്തിപ്പരിക്കേൽപ്പിച്ചെന്നാണ് പരാതി. വാരിയെല്ലിന്റെ ഭാഗത്ത് കുത്തേറ്റ ഓജസ് മെഡിക്കൽ കോളേജ് ആശുപത്രിയിൽ ചികിത്സയിലാണ്. സംഭവത്തിൽ പ്രതിഷേധിച്ച് വർക്കലയിൽ എസ്.എഫ്.ഐ, ഡി.വൈ.എഫ്.ഐ പ്രവർത്തകരുടെ നേതൃത്വത്തിൽ റോഡ് ഉപരോധവും പ്രതിഷേധ മാർച്ചും നടത്തി. സി.പി.എം വർക്കല ഏരിയാ സെക്രട്ടറി എസ്. രാജീവ് മാർച്ച് ഉദ്ഘാടനം ചെയ്തു. കെ.എം. ലാജി, വി. സത്യദേവൻ, നിതിൻ നായർ, എഫ്. നഹാസ്, ബി.എസ്. ജോസ്, ബിന്ദു ഹരിദാസ്, ഷിനു തങ്കൻ, അജിത്ത്, ഹാരിസ് തുടങ്ങിയവർ സംസാരിച്ചു.

ആരോഗ്യ കേരളം പുരസ്കാരം: തിളങ്ങി തലസ്ഥാനം

തിരുവനന്തപുരം: സർക്കാരിന്റെ ആരോഗ്യകേരള പുരസ്കാരത്തിൽ തലസ്ഥാന ജില്ലയ്ക്ക് മികച്ച നേട്ടം. ബ്ലോക്ക് പഞ്ചായത്ത് വിഭാഗത്തിൽ ചിറയിൻകീഴ് ഒന്നാം സ്ഥാനം നേടി. ഗ്രാമപഞ്ചായത്ത് വിഭാഗത്തിൽ കിളിമാനൂർ രണ്ടാം സ്ഥാനം നേടി.

തലസ്ഥാന ജില്ലയിൽ പൂവാർ, കൊല്ലയിൽ, കരവാരം ഗ്രാമ പഞ്ചായത്തുകൾ യഥാക്രമം ഒന്ന്, രണ്ട്, മൂന്ന് സ്ഥാനം നേടി.

ചിറയിൻകീഴ് ബ്ലോക്ക്

കേരളത്തിലെ ആരോഗ്യ മേഖലയിലെ മികച്ച പ്രവർത്തനത്തിന് ബ്ലോക്ക് പഞ്ചായത്തുകൾക്കുള്ള ആരോഗ്യ കേരളം പുരസ്കാരത്തിൽ ഒന്നാം സ്ഥാനം ചിറയിൻകീഴിന്. തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങൾ സമഗ്ര ആരോഗ്യ പദ്ധതി മുഖാന്തരം നടപ്പിലാക്കുന്ന ജനക്ഷേമ ആരോഗ്യ പദ്ധതി പ്രവർത്തനങ്ങൾക്കാണ് ആരോഗ്യ കേരളം പുരസ്കാരം നൽകുന്നത്. 152 ബ്ലോക്ക് പഞ്ചായത്തിൽ നിന്നാണ് ചിറയിൻകീഴിനെ തിരഞ്ഞെടുത്തത്. പത്ത് ലക്ഷം രൂപയാണ് അവാർഡ് തുക. മന്ത്രി കെ.കെ. ശൈലജയാണ് അവാർഡ് പ്രഖ്യാപനം നടത്തിയത്.

ചിട്ടയായ പ്രവർത്തനമാണ് അവാർഡിന് അർഹനാക്കിയതെന്ന് ചിറയിൻകീഴ് ബ്ലോക്ക് പഞ്ചായത്ത് പ്രസിഡന്റ് ആർ. സുഭാഷ് പറഞ്ഞു. ചിറയിൻകീഴ് ബ്ലോക്ക് പഞ്ചായത്ത് തയ്യാറാക്കിയ സമഗ്ര മാനസിക ആരോഗ്യ പരിപാടിയായ (സുരക്ഷ) കേരളത്തിലെ ആദ്യത്തെ സംരംഭമാണ്. ഒരു കോടി രൂപ ചെലവിൽ ചിറയിൻകീഴ് താലൂക്ക് ആശുപത്രിയിൽ ഡയാലിസിസ് യൂണിറ്റ് ആരംഭിച്ചു. ഒരു കോടിയോളം രൂപ ചെലവഴിച്ച് താലൂക്ക് ആശുപത്രിയിൽ ഡിജിറ്റൽ എക്സ്റേ സംവിധാനം, ആധുനിക നിലയിലുള്ള ലാബുകൾ എന്നിവയും ലഭ്യമാക്കി.

പത്ത് കിടക്ക രോഗികൾക്ക് ചികിത്സ ലഭ്യമാക്കുന്ന തരത്തിൽ ആധുനിക സംവിധാനമുള്ള പാലിയേറ്റീവ് വാർഡ് ആരംഭിച്ചു. ആശുപത്രിയിലെത്തുന്ന രോഗികൾക്കും കൂട്ടിരിപ്പുകാർക്കും എല്ലാ ദിവസവും ഉച്ചഭക്ഷണം നൽകുന്ന അന്നശ്രീ പദ്ധതിയും നടപ്പിലാക്കി. ഗർഭിണികൾക്കും കുട്ടികൾക്കും വിശ്രമിക്കുന്നതിനായി വാത്സല്യക്കൂടാരം ഒരുക്കി.

കേന്ദ്ര - സംസ്ഥാന സർക്കാരുകൾ നടപ്പിലാക്കുന്ന പദ്ധതികളെല്ലാം മികച്ച രീതിയിൽ നടപ്പിലാക്കുന്നുണ്ടെന്നും പഞ്ചായത്ത് പ്രസിഡന്റ് ആർ. സുഭാഷും ആരോഗ്യ വിദ്യാഭ്യാസ സ്റ്റാൻഡിംഗ് കമ്മിറ്റി ചെയർമാൻ അഞ്ചുതെങ്ങ് സുരേന്ദ്രനും സംയുക്തമായി പറഞ്ഞു.

കൊല്ലയിൽ പഞ്ചായത്ത്

സംസ്ഥാന സർക്കാരിന്റെ ആരോഗ്യ കേരളം പുരസ്കാരം പാറശാല കൊല്ലയിൽ ഗ്രാമപഞ്ചായത്തിന് രണ്ടാം സ്ഥാനം. മൂന്ന് ലക്ഷം രൂപയും ഫലകവുമടങ്ങുന്നതാണ് അവാർഡ്. പഞ്ചായത്തിലെ 16 വാർഡുകളിലായി പഞ്ചായത്ത് അധികൃതരുടെ സഹകരണത്തോടെ ആരോഗ്യസംരക്ഷണ വകുപ്പ് പ്രവർത്തകർ നടപ്പിലാക്കിയ പദ്ധതികളുടെ നടത്തിപ്പിനുള്ള അംഗീകാരമാണ് ഈ പുരസ്കാരം. ആരോഗ്യരംഗത്ത് സർക്കാർ നടപ്പിലാക്കുന്ന പദ്ധതികൾക്ക് പുറമേ പഞ്ചായത്ത് അധികൃതരും ആരോഗ്യ പ്രവർത്തകരും ആരോഗ്യരംഗത്ത് തനതായ രീതിയിലുള്ള വിവിധ പദ്ധതികൾ ആവിഷ്കരിച്ച് നടപ്പിലാക്കി വരുന്നതായി പഞ്ചായത്ത് പ്രസിഡന്റ് വൈ. ലേഖയും, വൈസ് പ്രസിഡന്റ് വി.എസ്. ബിനുവും ഹെൽത്ത് ഇൻസ്പെക്ടർ രാധാകൃഷ്ണനും അറിയിച്ചു.

പൂവാർ പഞ്ചായത്ത്

പൂവാർ: ജനക്ഷേമ - ആരോഗ്യ പദ്ധതികളുടെ പ്രവർത്തനമികവ് പൂവാർ പഞ്ചായത്തിനെ ആരോഗ്യ കേരളം പുരസ്കാരത്തിന് അർഹരാക്കി. കേരളത്തിലെ തദ്ദേശ സ്ഥാപനങ്ങൾ സമഗ്ര ആരോഗ്യ പദ്ധതി മുഖാന്തരം നടപ്പിലാക്കുന്ന ജനക്ഷേമ ആരോഗ്യ പദ്ധതി പ്രവർത്തനങ്ങൾക്കുള്ള അംഗീകാരമായി കേരള സർക്കാർ 2012 - 13 മുതലാണ് ആരോഗ്യ കേരളം പുരസ്കാരം ഏർപ്പെടുത്തിയത്.

മികച്ച ജില്ലാതല ഗ്രാമപഞ്ചായത്ത് അവാർഡിനാണ് പൂവാർ ഗ്രാമപഞ്ചായത്ത് അർഹമായത്. ഒന്നാം സമ്മാനമായ 5 ലക്ഷം രൂപയും പുരസ്കാരവുമാണ് അവാർഡ്. പഞ്ചായത്തിലെ എല്ലാ മെമ്പർമാരുടെയും മറ്റ് ജീവനക്കാരുടെയും കൂട്ടായ പ്രവർത്തനങ്ങൾക്ക് ലഭിച്ച അംഗീകാരമായി ഈ പുരസ്കാരത്തെ കാണുന്നെന്ന് പഞ്ചായത്ത് പ്രസിഡന്റ് അജിതകുമാരി . എം. എസ് പറഞ്ഞു.

മംഗലപുരം പഞ്ചായത്തിൽ വേങ്ങോട് മധു പ്രസിഡന്റ്

കഴക്കൂട്ടം: മംഗലപുരം ഗ്രാമപഞ്ചായത്തിൽ എൽ.ഡി.എഫിലെ വേങ്ങോട് മധുവിനെ പ്രസിഡന്റായി തിരഞ്ഞെടുത്തു.

യു.ഡി.എഫ് സ്ഥാനാർത്ഥിയായ മുണ്ടയ്ക്കൽ വാർഡ് അംഗം എസ്.ആർ. കവിതയ്ക്ക് ബി.ജെ.പി അംഗത്തിന്റെ വോട്ട് ലഭിച്ചെങ്കിലും ഒരു കോൺഗ്രസ് അംഗത്തിന്റെ വോട്ട് അസാധുവായതോടെ ഒമ്പതിന് എതിരെ പത്ത് വോട്ടുകൾക്ക് വേങ്ങോട് മധു പ്രസിഡന്റാകുകയായിരുന്നു.

20 അംഗങ്ങളുള്ള പഞ്ചായത്തിൽ ഒരു സ്വതന്ത്ര ഉൾപ്പെടെ എൽ.ഡി.എഫിന് പത്തും യു.ഡി.എഫിന് ഒമ്പതും ബി.ജെ.പിക്ക് ഒന്നുമാണ് കക്ഷിനില. ബി.ജെ.പി പിന്തുണയോടെ തുല്യനിലയിലെത്തിയാൽ നറുക്കെടുപ്പിലൂടെ ഭാഗ്യപരീക്ഷണം നടത്താനായിരുന്നു യു.ഡി.എഫ് പദ്ധതി.

എന്നാൽ ബാലറ്റ് പേപ്പറിന്റെ പിറകിൽ പേരെഴുതാതെ ഒപ്പുമാത്രമിട്ടതോടെ മുരുക്കുംപുഴ വാർഡിലെ കോൺഗ്രസ് അംഗമായ ഷാനവാസിന്റെ വോട്ട് അസാധുവായതോടെയാണ് പദ്ധതി പാളിയത്. രണ്ടര വർഷം വീതം ജനതാദളിനും സി.പി.എമ്മിനും പ്രസിഡന്റ് സ്ഥാനം എന്നായിരുന്നു തീരുമാനം. ഇതിനെ തുടർന്ന് ജനതാദളിലെ മംഗലപുരം ഷാഫി രാജിവച്ചതിനെ തുടർന്നാണ് പ്രസിഡന്റ് തിരഞ്ഞെടുപ്പ് നടന്നത്.

ഇന്ന്

വി.ജെ.ടി ഹാൾ: പി.കെ. കുഞ്ഞച്ചൻ അനുസ്മരണ സമ്മേളനവും പുസ്തക പ്രകാശനവും ഉദ്ഘാടനം മുഖ്യമന്ത്രി പിണറായി വിജയൻ-10ന്. കോടിയേരി ബാലകൃഷ്ണൻ, വി.എസ്. അച്യുതാനന്ദൻ രമേശ് ചെന്നിത്തല തുടങ്ങിയവർ പങ്കെടുക്കും.

ശാസ്ത്രസാങ്കേതികമ്യൂസിയം: തൊഴിലവസര ബോധവത്കരണ ശില്പശാലയും മൊബൈൽ ആപ്പ് ലോഞ്ചിംഗും ഉദ്ഘാടനം മന്ത്രി എ.കെ. ബാലൻ-10ന്.

വി. ജെ. ടി ഹാൾ: സത്യൻ ഫൗണ്ടേഷന്റെ ആഭിമുഖ്യത്തിൽ സത്യൻ സ്മൃതി ഉദ്ഘാടനം മന്ത്രി എ.കെ. ബാലൻ-6.30ന്.

ചാലക്കുഴി അംബേദ്കർ ഭവൻ: ഇന്റർനാഷണൽ ബുദ്ധിസ്റ്റ് യൂത്ത് ഓർഗനൈസേഷന്റെ ആഭിമുഖ്യത്തിൽ 'അംബേദ്കർ ചിന്തകൾ: ഒരു പ്രബുദ്ധമാനവസമൂഹസൃഷ്ടി' ചർച്ചയും പഠനവും-5ന്.

പ്രിയദർശിനി നഗറിന് സമീപം സെന്റ് സേവിയേഴ്സ് കമ്മ്യൂണിറ്റി ഹാൾ: ക്രസന്റ് ആർട്സ് ആൻഡ് സ്പോർട്സ് ക്ലബിന്റെ റംസാൻ റിലീഫ്-5ന്.

ശംഖുംമുഖം ആർട്ട് മ്യൂസിയം: റിബൗണ്ട്സ് പെയിന്റിംഗ് എക്സിബിഷൻ.

മുക്കോല, ചൂഴമ്പാല ശ്രീ നാദബ്രഹ്മ സ്കൂൾ ഒഫ് മ്യൂസിക്: സംഗീതവിദ്യാലയത്തിന്റെ പ്രവർത്തനോദ്ഘാടനം നാരായണശർമ്മ -4.30ന്.

പേട്ടമാണിക്യവിളാകം ദേവീക്ഷേത്രം: പ്രതിഷ്ഠാ മഹോത്സവം.

വലിയതുറ സെന്റ് ആന്റണീസ് ഫെറോനാ പള്ളി: തിരുനാൾ മഹാമഹം.

പാച്ചല്ലൂർ ചുടുകാട് ഭദ്രകാളി ദേവി ക്ഷേത്രം: ദേവീ ഭാഗവത നവാഹയജ്ഞവും പ്രതിഷ്ഠാ വാർഷിക മഹോത്സവവും.

പദ്മനാഭസ്വാമി ക്ഷേത്രം കിഴക്കേനട: സ്വാമി ദുർഗാനന്ദ സരസ്വതിയുടെ രമണവിദ്യ സത്സംഗം-6.15ന്.

മംഗലത്തുകോണം കാട്ടുനട ഭദ്രകാളി ദേവീക്ഷേത്രം: നാരായണീയം പഠന ക്ലാസ്-10.30ന്.

ഗവ. ലാ കോളേജ്: ലോക രക്തദാതാ ദിനാചരണവും സിറ്റിസൺസ് ഫൗണ്ടേഷന്റെ ബ്ലഡ് മൊബൈൽ ഉദ്ഘാടനവും മുഖ്യമന്ത്രി പിണറായി വിജയൻ-12ന്.

സിനിമ

■ന്യൂ (2323244) :: ■screen1 - കാല (T- 11.00, 6.45, 10.00) JURASSIC WORLD (E- 2.15, 4.30)
■SCREEN2 - JURASSIC WORLD (E- 11.15, 5.30, 7.45, 10.45) കാല (T- 2.00)
■SCREEN3 - ബിടെക് (M- 11.15) കാല (T- 2.30) പഞ്ചവർണതത്ത (M- 6.15) അരവിന്ദന്റെ അതിഥികൾ (M- 9.30)
■ശ്രീകുമാർ (2331222) :: കാല (T- 11.00, 2.30, 6.15, 9.30)
■ശ്രീവിശാഖ് (2331222) :: അരവിന്ദന്റെ അതിഥികൾ (M- 11.15, 2.30, 6.15, 9.30)
■ശ്രീപത്മനാഭ (2473999) :: Noshow
■ദേവിപ്രിയ (2473999) :: Noshow
■അജന്ത (2472825) :: കാല (T - 11.15, 2.15, 6.15, 9.15)
■കൃപ (7356333911) :: കാല (T- 9.00am, 12.30pm, 4.00pm, 7.30pm, 10.50pm)
■കലാഭവൻ :: JURASSIC WORLD (E- 11.30, 2.30, 6.30, 9.30)
■സെൻട്രൽ (2462865) :: Barbarian (E- 11.30, 2.30, 6.30, 9.30)
■കൈരളി (2332747) :: കാല (T- 11.00, 2.30, 6.00, 9.30)
■ശ്രീ (2332747) :: കുട്ടനാടൻപിള്ളയുടെ ശിവരാത്രി (M- 11.30, 6.30, 9.30) സ്കൂൾ ഡയറി (M- 2.30)
■നിള (2332747) :: അരവിന്ദന്റെ അതിഥികൾ (M- 11.30, 2.30, 6.30, 9.30)
■ധന്യ (2476773) :: BLEEDING STEEL (E- 11.15, 2.30) കുട്ടൻപിള്ളയുടെ ശിവരാത്രി (M - 6.15, 9.30)
■രമ്യ (2476773) :: JURASSIC WORLD (E- 11.15, 2.30, 6.15, 9.30)
■ARIESPLEX SL CINEMA: (04714066660) ::
■Audi1 - JURASSIC WORLD (E- 11.30, 6.00, 9.30) കാല (T- 10.00)
■Audi2 - RAAZI (H- 11.30, 9.45) PARMANU THE STORY POKHRAN (H- 3.00) VEERE DI WEDDING (H- 6.30pm)
Audi3 - PARMANU THE STORY POKHRAN (H- 11.45) VEERE DI WEDDING (H- 3.00) SREEHALLI (M- 6.30) ഇരുമ്പ്തിരൈ (T- 10.14pm)
■Audi4 - കുട്ടൻപിള്ളയുടെ ശിവരാത്രി (M - 11.45, 3.15, 6.45, 10.15)
■Audi5 - കാല (T - 11.00, 3.00, 6.45) JURASSIC WORLD (E- 10.30pm)
■Audi6 - അരവിന്ദന്റെ അതിഥികൾ (M- 11.45, 3.00, 6.45, 10.00)
■കാർണിവൽ സിനിമാസ് (മാൾ ഒഫ് ട്രാവൻകൂർ)
■സ്ക്രീൻ1: അരവിന്ദന്റെ അതിഥികൾ (M- 10.20, 3.40, 10.00)
■സ്ക്രീൻ2: AVENGERS INFINITY WAR-3D (E- 3.50) ബിടെക് (10.00, 6.25, 9.45)
■സ്ക്രീൻ3: JURASSIC WORLD: FAL (10.10, 11.40, 1.15, 2.50, 4.25, 7.20, 9.00, 10.20)
■സ്ക്രീൻ4: കാലാ (T- 9.45, 11.10, 1.00, 2.35, 4.15, 7.30, 8.40, 10.45)
■സ്ക്രീൻ5: കുട്ടൻപിള്ളയുടെ ശിവരാത്രി (M- 12.55, 7.15, 9.30)
■സ്ക്രീൻ6: പരമാണു (H- 4.10, 7.00), RAAZI (H- 12.50, 5.45)
■സ്ക്രീൻ7: VEERE DI WEDDING (H- 10.00, 1.10, 6.15)
■കഴക്കൂട്ടം കൃഷ്ണ (2418144) :: മോഹൻലാൽ (M- 6.15, 9.30) ഇ.മ.യൗ (M- 2.30) കുട്ടനാടൻപിള്ളയുടെ ശിവരാത്രി (M- 11.15)
■വെട്ടുറോഡ് ഹരിശ്രീ (04712755666) :: കാല (T- 11.15, 2.30, 6.15, 9.30)
■കഠിനംകുളം ജിട്രാക്സ് (2757771) :: ■screen 1 : ഇരുട്ട് അറയിലെ മുരട്ട് കുത്ത് (T- 11.15, 2.30, 6.00, 9.30)
■screen2 കൃഷ്ണം (M- 11.30, 2.30) ബിടെക് (M - 6.30, 9.30)
■ആറ്റിങ്ങൽ ഡ്രീംസ് (628997) :: കാല (T- 10.00am, 3.00pm, 6.15pm, 9.30pm) JURASSIC WORLD (E- 1.00pm)
■ആറ്റിങ്ങൽ ഗംഗ (2629973) :: സ്ഥാനം (M- 11.15, 2.15, 6.15, 9.30)
■ആറ്റിങ്ങൽ യമുന (2629973) :: പഞ്ചവർണതത്ത (M- 2.15, 6.15, 9.30) സ്കൂൾ ഡയറി (M- 11.15)
■ആറ്റിങ്ങൽ കാവേരി (9287218284) :: ബിടെക് (M- 6.15, 9.30) പൈപ്പെൻകുട്ടി (M- 11.15) തൈതോല ചാട്ടം (M- 2.15)
■ആറ്റിങ്ങൽ വൈശാഖ് (2622244) :: JURASSIC WORLD (E- 11.15, 2.30, 6.15, 9.30)
■ആറ്റിങ്ങൽ തപസ്യ (3291113) :: കാല (T- 11.00, 2.45, 6.30, 9.45)
■ആറ്റിങ്ങൽ തപസ്യ പാരഡൈസ് (620920) :: SREEHALLI (M- 11.15, 3.00) കുട്ടൻപിള്ളയുടെ ശിവരാത്രി (M- 6.30, 9.45)
■വർക്കല എസ്.ആർ (04702602339) :: കുട്ടൻപിള്ളയുടെ ശിവരാത്രി (M- 11.00, 2.30, 6.15, 9.30)
■വർക്കല വിമല (9895233785) :: JURASSIC WORLD (E- 11.00, 3.00, 6.30, 9.45)
■വർക്കല സ്റ്റാർ സിനിമ (2602344) :: കാല (T - 11.00, 2.30, 6.30, 9.30)
■ചിറയിൻകീഴ് സ്വാമിജി (9526752302) :: കമ്മാരസംഭവം (M- 3.00, 6.30, 9.30)
■നെടുമങ്ങാട് സൂര്യ (2802223) :: കാല (T- 11.00, 2.30, 6.15, 9.30)
■നെടുമങ്ങാട് സൂര്യ പാരഡൈസ് (2813259) :: കാല (T- 11.00, 2.30, 6.15, 9.30)
■നെടുമങ്ങാട് ശ്രീസരസ്വതി (8111966043) :: കാല (T- 11.00, 2.30, 6.15, 9.30)
■നെടുമങ്ങാട് റാണി :: Noshow
■പെരിങ്ങമ്മല അശ്വതി (2400394) :: UNCLE (M - 2.30, 6.30, 9.30)
■കളിയിക്കാവിള ശ്രീകാളീശ്വരി (0471-2200073, 0471-2200174) ::
■Audi1 - കമ്മാരസംഭവം (M- 11.00, 2.30, 6.15, 9.30)
■Audi2 - മോഹൻലാൽ (M- 11.00, 2.30, 6.15, 9.30)
■Audi3 - മെർക്കുറി (M- 11.00, 2.30, 6.15, 9.30)
■Audi4 - പരോൾ (M- 11.00, 2.30, 6.15, 9.30)
■Audi5 - കുട്ടനാടൻമാർപാപ്പ (M- 11.00, 2.30, 6.15, 9.30)
■കളിയിക്കാവിള തമീൻസ് മാക്സ് :: പുലിമുരുകൻ (M- 2.30, 6.15) അച്ചം എന്പത് മടമയ്യെ (T- 11.00, 9.15)
■നെയ്യാറ്റിൻകര ശുഭ :: പഞ്ചവർണതത്ത (M - 2.30, 6.30, 9.30)
■പോത്തൻകോട് MT CINEPLEX (2419515) :: ■Tela 1 - കാല (T- 11.15, 2.30, 6.15, 9.30) ■Tela 2 - അരവിന്ദന്റെ അതിഥികൾ (M- 6.30)
■പോത്തൻകോട് എച്ച്കെ സിനിമാസ് (0471-2715555, 9447060600) :: JURASSIC WORLD (E- 11.15, 2.30, 6.15, 9.30)
■വെഞ്ഞാറമൂട് സിന്ധു (9746159088) :: അരവിന്ദന്റെ അതിഥികൾ (M- 11.30, 2.30, 6.30, 9.30) മോഹൻലാൽ (M- 11.30, 9.30)
■കാട്ടാക്കട ജയവിനായക (2290867) :: ■screen 1 - ആട്-2 (M- 11.00, 2.15, 6.15, 9.15) ■screen 2 - വേലൈക്കാരൻ (T- 11.15, 2.30, 6.30, 9.30)
■കള്ളിക്കാട് ദീപ (9447553618) :: അച്ചായൻസ് (M- 6.30, 9.30)
■കാട്ടാക്കട ശ്രീമുരുക (9995952120) :: No show
■കിളിമാനൂർ എസ്.എൻ :: Nowshow
■പനച്ചമൂട് യമുനലക്ഷ്മി :: കെട്ടു (T- 10.30, 2.30, 6.15, 9.00)
■പേയാട് എസ്.പി സിനിമ (0471-2289053) :: കാല (T- 6.00am, 9.00am, 12.00pm, 3.00pm, 6.00pm, 9.00pm)
■കല്ലറ ARS (9526906021) :: കമ്മാരസംഭവം (M- 2.30, 6.30)
■പടന്തലുമൂട് IMP :: കാല (T- 11.00, 2.30, 6.30, 9.30)